**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **24-02-2026 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഉന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം അനുവദിക്കുന്ന ഒരു കോടി രൂപയിൽ ഉന്നതിയിലെ മെച്ചപ്പെടുത്തലിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിക്കുന്ന തുക ഉപയോഗിച്ച് ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/നടപ്പാത, കുടിവെള്ള വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, കമ്മ്യൂണിറ്റി ഹാളുകൾക്കും ലൈബ്രറികൾക്കും ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗ യോഗ്യമാക്കൽ, വിജ്ഞാൻവാടി നിർമ്മാണം/ മെയിന്റനൻസ്, ഗ്രാമത്തിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണഭിത്തി നിർമ്മാണം, കിണർ നവീകരണം, ഭവന വൈദ്യുതീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം/ നവീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഉന്നതിയിലെ വീടുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തപ്പെടുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഉന്നതികളുടെ വീടുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഭവന പുനരുദ്ധാരണം, ഭവന വൈദ്യുതീകരണം, കിണർ നവീകരണം, ടോയ്‌ലറ്റ് നിർമ്മാണം/ഉപയോഗ യോഗ്യമാക്കൽ, കുടിവെള്ള ഗാർഹിക കണക്ഷനുകൾ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ